

ശാന്തൻപാറ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കർഷകർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 4



# കർഷകർക്ക് പരിശീലനം

നെടുങ്കണ്ടം ● ശാന്തൻപാറ ഐസിഎആർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു.

ജൈവ പച്ചക്കറി കൃഷിയെ എങ്ങനെ ഉന്നതിയിൽ എത്തിച്ചു വിജയം കൈവരിക്കാം, കീടരോഗ നിയന്ത്രണ മാർഗങ്ങൾ, വിവിധ ജൈവ കീടനാശിനികളും എങ്ങനെ സാധരണക്കാരന് ഒതുങ്ങുന്ന രീതിയിൽ നിർമിക്കാം എന്നിങ്ങനെ വ്യത്യസ്ത തരത്തിലുള്ള ക്ലാസുകൾ കർഷകർക്ക് നൽകി.

കീടരോഗ ശാസ്ത്രജ്ഞൻ ഡോ. സുധാകർ സൗധരാജൻ ക്ലാസ് നയിച്ചു.

സീനിയർ സയന്റിസ്റ്റ് ആൻഡ് ഹെഡ് ഡോ. ആർ. മാരിമുത്തു, മാനേജ്മെന്റ് പ്രതിനിധി റേച്ചൽ സ്കറിയക്കുട്ടി, ശാസ്ത്രജ്ഞരായ പ്രീതു കെ. പോൾ, എ. ആഷിബ, ബിജു നാരായണൻ, ജയ്സി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.